"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കര സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി ഷമ്മി ബി.എസ്. ന് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.41/2026/AYUSH തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-
1. ശ്രീമതി ഷമ്മി ബി.എസ് സർപ്പിച്ച 12.09.2024 ലെ ശൂന്യവേതനാവധി അപേക്ഷ.
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 19.06.2025 ലെ DISM/3515/2024-E2 നം.കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കര സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി ഷമ്മി ബി.എസ്. ഗർഭ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങളെത്തുടർന്ന് 25.06.2024 മുതൽ 01.12.2024 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ചു നൽകുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൾ 02.12.2024 മുതൽ പ്രസവാവധിയിൽ പ്രവേശിച്ചിരുന്നതായും 08.06.2022 ന് ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാളുടെ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ അവധി എടുത്തിട്ടുള്ളതിനാൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലെന്നും ഗർഭ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങളെത്തുടർന്നാണ് അവധിയിൽ പ്രവേശിച്ചത് എന്നതിനാൽ അപേക്ഷ പരിഗണിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കര സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി ഷമ്മി ബി.എസ്. പരാമർശം (1) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ടിയാൾക്ക് 25.06.2024 മുതൽ 01.12.2024 വരെ 160 ദിവസത്തേക്ക് പ്രസ്തുത കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ., ഭാഗം 1, ചട്ടം 88 (ii) ൽ ഇളവ്

വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ഷമ്മി ബി.എസ്., ഫാർമസിസ്റ്റ് ഗ്രേഡ്-2, സർക്കാർ ആയുർവേദ ഡിസ്പെൻസറി, വടശ്ശേരിക്കര, പത്തനംതിട്ട ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (E 3200959/HLT-B3/518/2025-FIN തീയതി 22.12.2025)
5. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/197/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by

Baiju G

സെക്ഷൻ ഓഫീസർ

Date: 17-01-2026 15:10:49